# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5512** **01/07/2019-ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പിന്റെ സ്മാർട്ട് ക്ലാസ് മുറി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ വകുപ്പിന്റെ സഹായത്തോടെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറി, ഊർജ്ജക്ഷമതയുള്ള അടുപ്പ് എന്നിവ സ്ഥാപിക്കുന്ന പദ്ധതിയിലേക്ക് നോമിനേറ്റഡ് എം.എൽ.എ. നിർദ്ദേശിച്ച ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) യും (ബി) യും | പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പ് മുഖാന്തിരം ഒരു നിയോജക മണ്ഡലത്തിൽ ഒരു യു.പി സ്കൂൾ വീതം 140 നിയോജകമണ്ഡലങ്ങളിലായി 140 സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ മാർ ലഭ്യമാക്കുന്ന ലിസ്റ്റും, സന്നദ്ധരായ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കിയിരുന്നു. അതോടൊപ്പം സർക്കാർ സ്കൂളുകളിൽ സഹകരണ വകുപ്പിന്റെ സഹായത്തോടെ ഊർജ്ജക്ഷമതയുള്ള അടുപ്പ് നിർമ്മിച്ചു നൽകുന്ന പദ്ധതിയും ലക്ഷ്യമിട്ടിരുന്നു.<br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ചു നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ |
| (ബി) | പ്രസ്തുത സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സംഘങ്ങൾ പൊതുയോഗ തീരുമാന പ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ചു നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്.<br><br>ഓരോ നിയോജക മണ്ഡലത്തിലേയും എം.എൽ.എ മാർ നൽകുന്ന ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അതാത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടികൾ സ്വീകരിച്ച് വരുന്നത്. പ്രസ്തുത പദ്ധതിയിലേക്ക് നോമിനേറ്റഡ് എം.എൽ.എ സ്കൂളുകളുടെ പേരുകൾ നിർദ്ദേശിച്ചതായി സഹകരണ വകുപ്പിന് വിവരം ലഭിച്ചിട്ടില്ല. ഈ പദ്ധതി ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിലാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**